# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 136* — 12.06.2019-ൽ മറുപടിക്ക്

### തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തടസ്സപ്പെട്ട ബില്ലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ജെ.ജോസഫ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ് | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) 2019 മാർച്ച് 31നകം പണി പൂർത്തിയാക്കി സമർപ്പിക്കപ്പെട്ട ബില്ലുകൾ ട്രഷറി നിയന്ത്രണം മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാറി ലഭിക്കുന്നതിന് പ്രയാസം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഫലത്തിൽ 2018-19 ലെ പണം ലാപ്സായിപ്പോയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | ബി) & സി) 2018-19 മാർച്ച് 31 ന്റെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തുകൾ 89% ഉം ജില്ലാ പഞ്ചായത്തുകൾ 81% ഉം (ട്രഷറി ക്യൂ ബില്ലുകൾ ഒഴികെ) പദ്ധതി പണം ചെലവഴിച്ചിട്ടുണ്ട്.<br><br>ബ്ലോക്ക് പഞ്ചായത്തുകൾ പെൻഡിംഗ് ബിൽ കൂടാതെ 89.35% പദ്ധതി ചെലവ് കൈവരിച്ചിട്ടുണ്ട്. |
| സി) ഇത്തരത്തിൽ ക്യൂവിലായ 2018-19 ലെ ബില്ലുകൾ 2019-20 വർഷത്തിൽ പാസാക്കുന്നതിന് ധനവകുപ്പിന്റെ നിർദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; | ട്രഷറി ക്യൂവിലായ 2018-19 ലെ ബില്ലുകൾ 2019-20 വർഷത്തിൽ പാസാക്കുന്നതിന് ധനവകുപ്പിന്റെ 12.04.2019 ലെ സ.ഉ(സാധാ) നം.3002/2019/ധന ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം 1).<br><br>2018-19 സാമ്പത്തിക വർഷാവസാനം സമർപ്പിക്കപ്പെട്ട ബില്ലുകൾ ട്രഷറി നിയന്ത്രണം മൂലം ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ളതും, ടി ബില്ലുകൾ 2019-20 സാമ്പത്തിക വർഷത്തിലെ അലോട്ട്മെന്റിൽ നിന്നും പാസ്സാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങടങ്ങിയ സർക്കുലർ 10.04.2019 ൽ ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു (അനുബന്ധം II) |

| | | | |
|---|---|---|---|
| ഡി) | 2019-ൽ തന്നെ ഡിസ് ട്രിക് ട് പ്ലാനിംഗ് കമ്മിറ്റി അംഗീകരിച്ച 2019-20 ലെ പദ്ധതികൾക്ക് തുക ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; | ഡി) | പഞ്ചായത്ത് വകുപ്പിൽ 2019-20 ലെ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമില്ല. വികസന ഫണ്ടിന്റെ ഒന്നാം ഗഡു തുക 03.04.2019 നും മെയിന്റനൻസ് ഫണ്ട് ഒന്നാം ഗഡു 01.04.2019 നും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 30.05.2019 നും അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>നഗരകാര്യ വകുപ്പിൽ 2018-19 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച് നിർവ്വഹണം പൂർത്തിയാക്കിയ പദ്ധതികൾക്ക് 2019 മാർച്ച് 31-ാം തീയതിയ്ക്കകം തുക ചിലവഴിക്കാൻ സാധിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2019-20 വർഷം വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും തുക ചിലവഴിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത തുക കണ്ടെത്തിയതിനു ശേഷം 2019-20 വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കാവുന്നതാണ്. |
| ഇ) | ട്രഷറി നിയന്ത്രണം മൂലം തടസ്സപ്പെട്ട ബില്ലുകൾ 2018-19 ലെ അലോട്ട്മെന്റിൽ നിന്ന് തന്നെ സ്പിൽഓവറായി പരിഗണിച്ച് അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | ഇ) | ട്രഷറി നിയന്ത്രണം മൂലം തടസ്സപ്പെട്ട ബില്ലുകൾ 2018-19 ലെ അലോട്ട്മെന്റിൽ നിന്ന് തന്നെ സ്പിൽഓവറായി പരിഗണിച്ച് അനുവദിക്കുന്ന കാര്യം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 – 2018-19 ലെ ട്രഷറി ക്യൂവിലുള്ള ബില്ലുകളുടെ തുക മാറുന്നതിനും സ്പിൽ ഓവർ പദ്ധതികൾക്കുമുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച് . ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 3002/2019/ധന. തീയതി, തിരുവനന്തപുരം, 12 ഏപ്രിൽ 2019

പരാമർശം : 1) സ.ഉ(സാധാ)നം.2725/2019/ധന തീയതി 01.04.2019
2) സ.ഉ(സാധാ)നം.2772/2019/ധന തീയതി 03.04.2019

**<u>ഉത്തരവ്</u>**

പ്രാദേശിക സർക്കാരുകൾക്ക് 2019-20 സാമ്പത്തിക വർഷത്തെ സംരക്ഷണ ഫണ്ടിന്റേയും വികസന ഫണ്ടിന്റേയും ഒന്നാം ഗഡു യഥാക്രമം പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾ 2018-19 സാമ്പത്തിക വർഷം മാർച്ച് അവസാനത്തിൽ സമർപ്പിച്ച ബില്ലുകളിൽ ചിലത് ക്യൂ ലിസ്റ്റിലായതിനാൽ അവ മാറാൻ കഴിഞ്ഞില്ല.

മേൽ സാഹചര്യത്തിൽ പരാമർശം (1),(2) എന്നീ ഉത്തരവുകൾ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള സംരക്ഷണ ഫണ്ടിന്റേയും വികസന ഫണ്ടിന്റേയും ഒന്നാം ഗഡു തുകയിൽ നിന്നും 2018-19 ലെ ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറുന്നതിനും 2018-19 ൽ പൂർത്തീകരിക്കാൻ കഴിയാതെ 2019-20 ൽ സ്പിൽ ഓവർ ആയിട്ടുള്ള പദ്ധതികൾക്കുള്ള തുക ചെലവഴിക്കുന്നതിനും സർക്കാർ അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

/

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-1155113)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

അനുബന്ധം - II

**കേരള സർക്കാർ**
**ധനകാര്യ(രഹസ്യ) വകുപ്പ്**

## <u>സർക്കുലർ</u>

നം.31/2019/ധന. തീയതി, തിരുവനന്തപുരം, 10.04.2019.

**വിഷയം:- 2018-19 സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ/ചെക്കുകൾ ക്ലിയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ - സംബന്ധിച്ച്.**

**സൂചന:- 23.03.2019 ലെ 27/2019/ധന.നമ്പർ സർക്കുലർ.**

2018-19 സാമ്പത്തിക വർഷാവസാനം ട്രഷറി ഇടപാടുകൾ സുഗമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ മേൽ സർക്കുലർ മുഖാന്തിരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ ഖണ്ഡിക 2(iii) & (iv) പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ട്രഷറികളിൽ സമർപ്പിക്കുകയും എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ പാസ്സാക്കുവാൻ കഴിയാതിരുന്നതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും ബില്ലുകളും/ചെക്കുകളും നടപ്പ് സാമ്പത്തിക വർഷത്തിൽ (2019-20) മാറി നൽകുന്നതാണെന്ന നിബന്ധനയ്ക്ക് വിധേയമായി ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. അപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ, പുതുക്കിയ ഭരണാനുമതി കൂടാതെ തന്നെ, നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾക്ക് നടപ്പ് വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഏതൊക്കെ ബില്ലുകൾ പുനഃസമർപ്പിക്കണമെന്ന കാര്യത്തിൽ ഡി.ഡി.ഒ.മാർ ഉചിതമായ തീരുമാനമെടുക്കേണ്ടതാണ്. നടപ്പ് സാമ്പത്തിക വർഷം സർക്കാർ വകുപ്പുകൾ ട്രഷറി ക്യൂവിൽ നിന്നും പുനഃസമർപ്പിക്കുന്ന ബില്ലുകളുടെ തുക കിഴിച്ചുള്ള ബജറ്റ് വിഹിതത്തിന് മാത്രമേ ഭരണാനുമതി പുറപ്പെടുവിക്കാൻ പാടുള്ളൂ. ഇക്കാര്യം ഭരണ വകുപ്പുകളും വകുപ്പ് മേധാവികളും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളും ഉറപ്പ് വരുത്തേണ്ടതാണ്. ട്രഷറി ക്യൂവിൽ

ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളും/ചെക്കുകളും ക്ലിയർ ചെയ്യുന്നതിലേയ്ക്കായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊള്ളുന്നു.

I) **BiMS ൽ ജനറേറ്റ് ചെയ്തിട്ടുള്ളതും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയതുമായ ബില്ലുകൾക്കുള്ള നടപടിക്രമങ്ങൾ**

എ) ഡി.ഡി.ഓ. മാർ BiMS-ൽ login ചെയ്ത് Bill Entry എന്ന മെനുവിൽ നിന്നും Nature of Claim, Pre- authorization Slip സെലക്ട് ചെയ്യുക.

ബി) ബില്ലിന്റെ details verify ചെയ്തതിനുശേഷം save ചെയ്ത് ട്രഷറിയിലേക്ക് e-submit ചെയ്യുക.

സി) ഇങ്ങനെ 2019-20 വർഷത്തെ അലോട്ട്മെന്റിൽ പുതുതായി ജനറേറ്റ് ചെയ്യുന്ന Outer bill ഡി.ഡി.ഓ. മാർ പ്രിന്റ് എടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) ബിൽ ബുക്കിൽ ചേർത്ത് ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

ഡി) ട്രഷറി ഓഫീസർമാർ ട്രഷറി ക്യൂ-വിൽ ഉൾപ്പെട്ടിട്ടുള്ളതും, ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ ബില്ലിൽ പുതിയ Outer bill ചേർത്ത് പാസാക്കി നൽകേണ്ടതാണ്.

II) **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബിൽ ക്ലിയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

എ) ട്രഷറി ക്യൂ-വിലുള്ള ബില്ലുകളുടെ ലിസ്റ്റ് ട്രഷറി ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ (IKM)-ന് കൈമാറേണ്ടതാണ്.

ബി) അപ്രകാരം കൈമാറികിട്ടുന്ന ബില്ലുകൾ IKM അധികൃതർ Sankya Softwareൽ കൂടി നടപ്പ് സാമ്പത്തിക വർഷത്തെ (2019-20) അലോട്ട്മെന്റിൽ ഉൾപ്പെടുത്തി ട്രഷറിയിലേക്ക് e-submit ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇപ്രകാരം പുതിയ അലോട്ട്മെന്റിൽ നേരിട്ട് പ്രോസസ്സ് ചെയ്ത് ട്രഷറികൾക്ക് സമർപ്പിക്കുന്നതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബിൽ പ്രോസസ്സ് ചെയ്യേണ്ടതില്ല.

സി) LSGD ഡി.ഡി.ഒ.മാർ മേൽ പ്രകാരം IKM പ്രോസസ്സ് ചെയ്ത് സമർപ്പിച്ച പുതിയ Outer bill നടപ്പ് സാമ്പത്തിക വർഷത്തെ ബിൽ ബുക്കിൽ ചേർത്ത് ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

ഡി) ട്രഷറി ഓഫീസർമാർ ട്രഷറി ക്യൂ-വിൽ ഉൾപ്പെട്ടിട്ടുള്ളതും, ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ ബില്ലിൽ പുതിയ Outer bill ചേർത്ത് പാസാക്കി നൽകേണ്ടതാണ്

III) <u>Letter of Credit (LoC) ബില്ലുകൾ മാറുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

എ) ട്രഷറി ക്യൂ-വിൽ ഉൾപ്പെട്ടിട്ടുള്ള LoC ബില്ലുകൾ ഡി.ഡി.ഒ.മാർ EMLI Application വഴി പുതിയ അലോട്ട്മെന്റിൽ ജനറേറ്റ് ചെയ്ത് ട്രഷറിയിലേക്ക് e-submit ചെയ്യേണ്ടതാണ്

ബി) അപ്രകാരം ബിൽ e-submit ചെയ്യതിനു ശേഷം Outer bill പ്രിന്റ് എടുത്ത് 2019-20 സാമ്പത്തിക വർഷത്തെ ബിൽ ബുക്കിൽ ചേർത്ത് ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്.

സി) ട്രഷറി ഓഫീസർമാർ ട്രഷറി ക്യൂ-വിൽ ഉൾപ്പെട്ടിട്ടുള്ളതും, ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളതുമായ ബില്ലിൽ പുതിയ Outer bill ചേർത്ത് പാസാക്കി നൽകേണ്ടതാണ്.

IV) <u>ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്കുകൾ മാറുന്നതിനുള്ള നടപടി ക്രമങ്ങൾ</u>

എ) ട്രഷറി അക്കൗണ്ടിൽ ആവശ്യമായ തുകയുള്ള കേസുകളിൽ നിലവിലുള്ള ട്രഷറി നിയന്ത്രണ പരിധിക്കുള്ളിലുള്ള ചെക്കുകൾ ട്രഷറി ക്യൂവിലെ സീനിയോറിറ്റി പാലിച്ച് ട്രഷറി ഓഫീസർ പാസ്സാക്കി നൽകേണ്ടതാണ്. ട്രഷറി നിയന്ത്രണ പരിധിക്ക് മുകളിലുള്ള ചെക്കുകൾ വെയ്സ് & മീൻസ് ക്ലിയറൻസ് സഹിതം സമർപ്പിക്കുവാൻ നിർദേശിച്ച് ഡി.ഡി.ഒ.മാർക്ക് മടക്കി നൽകേണ്ടതാണ്.

ബി) കാലാവധി കഴിഞ്ഞ ചെക്കുകളുടെ കാര്യത്തിൽ ഡി.ഡി.ഒ.മാർ ചെക്ക് revalidate ചെയ്ത് ട്രഷറിയിൽ വീണ്ടും സമർപ്പിക്കേണ്ടതാണ്.

V) <u>വെയ്സ് & മീൻസ് ക്യൂവിൽ ഉൾപ്പെട്ടിരുന്ന ബില്ലുകൾ/ ചെക്കുകൾ മാറുന്നതിനുള്ള നടപടിക്രമങ്ങൾ</u>

എ) കഴിഞ്ഞ സാമ്പത്തിക വർഷം ക്ലിയറൻസിനായി വെയ്സ് & മീൻസ് ക്യൂ-വിൽ അവശേഷിച്ച ബില്ലുകൾ ബന്ധപ്പെട്ട ഡി.ഡി.ഒ മാർക്ക് തിരികെ നൽകേണ്ടതാണ് . ടി ബില്ലുകൾ പുതുക്കിയ ഭരണാനുമതി കൂടാതെ തന്നെ നടപ്പ് വർഷത്തെ ബജറ്റ് വിഹിതത്തിൽപ്പെടുത്തി ഡി.ഡി.ഒ. മാർക്ക് ട്രഷറിയിലേക്ക് e- submit ചെയ്യാവുന്നതാണ്. വെയ്സ് & മീൻസ് ക്യൂവിൽ ഉൾപ്പെട്ടിരുന്ന ബില്ലുകൾക്ക് നടപ്പ് വർഷത്തെ ബജറ്റ് വിഹിതം വിനിയോഗിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഏതൊക്കെ ബില്ലുകൾ പുനഃസമർപ്പിക്കണമെന്ന് കാര്യത്തിൽ ഡി.ഡി.ഒ.മാർ ഉചിതമായ

തീരുമാനമെടുക്കേണ്ടതാണ്. ഇപ്രകാരം പുനഃസമർപ്പിക്കുന്ന ബില്ലുകളുടെ തുക കിഴിച്ചുള്ള ബജറ്റ് വിഹിതത്തിന് മാത്രമേ സർക്കാർ വകുപ്പുകൾ നടപ്പ് സാമ്പത്തിക വർഷം (2019-20) ഭരണാനുമതി പുറപ്പെടുവിക്കാൻ പാടുള്ളൂ. ഇക്കാര്യം ഭരണ വകുപ്പുകളും വകുപ്പ് മേധാവികളും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷനുകളും ഉറപ്പ് വരുത്തേണ്ടതാണ്.

ബി) കഴിഞ്ഞ സാമ്പത്തിക വർഷം ക്ലിയറൻസിനായി വെയ്സ് & മീൻസ് ക്യൂ-വിൽ അവശേഷിച്ച ചെക്കുകൾ വെയ്സ് & മീൻസ് ക്ലിയറൻസ് ഡി.ഡി.ഒ മാർ ലഭ്യമാക്കുന്ന മുറയ്ക്ക് ട്രഷറി ഓഫീസർമാർ മാറി നൽകേണ്ടതാണ്.

## VI) 2018-19 ലെ ചെലവഴിക്കാത്ത ബജറ്റ് വിഹിതം സറണ്ടർ ചെയ്യുന്നത്

ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകളുടെ തുക 2018-19 ലെ ബജറ്റ് വിഹിതത്തിൽ നിന്നുള്ളതാണെങ്കിൽ ടി തുക ബന്ധപ്പെട്ട വകുപ്പ് തലവന്മാർ/ചീഫ് കൺട്രോളിംഗ് ഓഫീസർമാർ അടിയന്തിരമായി സറണ്ടർ ചെയ്യേണ്ടതാണ്.

## VII) ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്കുകൾ/ബില്ലുകൾ മാറി നൽകുമ്പോൾ ട്രഷറി ഓഫീസർമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

എ) ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെക്കുകൾ/ബില്ലുകൾ മാറി നൽകുമ്പോൾ ട്രഷറി ഓഫീസർമാർ ട്രഷറി വിനിമയങ്ങൾക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ബി) അക്രഡിറ്റഡ് ഏജൻസി പേയ്മെന്റുകൾക്ക് 11.06.2018 ലെ സ.ഉ.(പി) 88/2018/ധന, 03.08.2018 ലെ സ.ഉ.(പി) 118/2018/ധന എന്നീ ഉത്തരവുകളിലെ നിബന്ധനകൾ ഉറപ്പുവരുത്തേണ്ടതാണ്.

ഇക്കാര്യത്തിൽ ട്രഷറി ഓഫീസർമാർക്കാവശ്യമായ മാർഗ്ഗനിർദേശങ്ങൾ ട്രഷറി ഡയറക്ടർ നൽകേണ്ടതാണ്.

**മനോജ് ജോഷി,**
**ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറി**

അക്കൗണ്ടൻറ് ജനറൽ (എ. ആന്റ് ഇ.), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ.), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ ( ഇ. & ആർ.എസ്.എ.), കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ്/ ഓഫീസ് തലവന്മാർക്കും

നിയമ വകുപ്പുൾപ്പെടെയുള്ള സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും

ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം

എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറി

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി

സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

നോഡൽ ഓഫീസർ,www.finance.kerala.gov.in

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ